## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

## (ഹാജർ : കെ.വി. മോഹൻകുമാർ ഐ.എ.എസ്.)

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. ബി. ഹരിപ്രസാദിനെതിരായ പരാതി - ഭരണപരമായ കാരണങ്ങളാൽ ശ്രീ. ബി. ഹരിപ്രസാദിനെ സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :
1. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 26/09/2017-ലെ കത്ത് നമ്പർ. എ7/17045/2017
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ 11/09/2017-ലെ കത്ത് നമ്പർ. എ1/01/2017
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/09/2017-ലെ കത്ത് നമ്പർ. എച്ച്2/34017/ 2017/ഡി.പി.ഐ.

## ഉത്തരവ് നമ്പർ.സി5/03/2017/ഡി.പി.ഐ. തീയതി.25/10/2017

കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. ബി. ഹരിപ്രസാദ് മിക്ക ദിവസങ്ങളിലും ആഫീസിൽ ഹാജരാകാറില്ല എന്നും ആയത് മൂലം ആഫീസ് പ്രവർത്തനങ്ങളിൽ വീഴ്ച സംഭവിക്കുന്നുണ്ട് എന്നും പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്കും നൽകിയിട്ടുണ്ട്. ടി പരാതിയിന്മേൽ അന്വേഷണം നടത്തിയ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ, പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിന്റെ രത്നച്ചുരുക്കം താഴെ പറയുന്നു.

ശ്രീ. ബി. ഹരിപ്രസാദ് 04/04/2017-ൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ 'ബി' സെക്ഷൻ വിഭാഗം ജൂനിയർ സൂപ്രണ്ടായി ചുമതലയേറ്റു. ടിയാന്റെ ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും 10/04/2017, 11/04/2017, 31/05/2017 തുടങ്ങിയ തീയതികളിലും പിന്നീട് 30/08/2017 മുതൽ 14/09/2017 വരെയും അതിന് ശേഷം 18/09/2017 മുതൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ആകസ്മിക സന്ദർശനം നടത്തിയ തീയതിയായ 25/09/2017 വരെയും ആഫീസിൽ ഹാജരാവുകയോ അവധിക്ക് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. കൂടാതെ മറ്റു പല ദിവസങ്ങളിലും ടിയാന്റെ അനധികൃതമായ ഹാജരില്ലായ്മ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയത് പിന്നീട് ആർജ്ജിതാവധിയായും ശൂന്യവേതനാവധിയായും ക്രമപ്പെടുത്തിയിരിക്കുന്നു എന്നും റിപ്പോർട്ടിൽ പറയുന്നു.

നിരവധി ഫയലുകൾ ടിയാൻ പരിശോധിക്കുന്നതിനായി സെക്ഷനുകളിൽ നിന്നും ലഭിച്ചത് നടപടികളില്ലാതെ സൂക്ഷിക്കുന്നതായും ഇത് മൂലം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന 62 എയ്ഡഡ് സ്കൂളുകളുടെ നിയമനാംഗീകാരം ഉൾപ്പെടെയുള്ള എല്ലാ ഫയലുകളും ശ്രീ. ബി. ഹരിപ്രസാദിന്റെ ഭാഗത്തുള്ള നിരുത്തരവാദപരമായ സമീപനത്താൽ പ്രസ്തുത സ്കൂളിലെ ജീവനക്കാരുടെ 2016-17, 2017-18 എന്നീ വർഷങ്ങളിലെ നിയമനാംഗീകാരം നൽകുന്നതിന് തടസ്സമുള്ളതായി ബോധ്യപ്പെട്ടിരിക്കുന്നു എന്നും വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ നിയമനാംഗീകാര ഫയലുകളിൽ 28/09/2017-നകം തീരുമാനം കൈക്കൊള്ളണമെന്ന് പരാമർശം (3)-ലെ കത്ത് വഴി പൊതുവിദ്യാഭ്യാസ ഡയറക്ടർ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും കർശനമായ നിർദേശം നൽകിയിരുന്നതാണ്. ശ്രീ. ബി. ഹരിപ്രസാദിന്റെ കൃത്യവിലോപം മൂലം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിലെ നിയമനാംഗീകാര ഫയലുകളിലൊന്നും ഡയറക്ടർ നിർദേശിച്ച സമയപരിധിക്കുള്ളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവുമല്ലാതെ മറ്റൊന്നുമല്ല.

മേൽ സാഹചര്യത്തിൽ ശ്രീ. ബി. ഹരിപ്രസാദിനെ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലേക്ക് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഭരണപരമായ കാരണങ്ങളാൽ സ്ഥലംമാറ്റിക്കൊണ്ടും കുണ്ടറ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ നൂൺമീൽ ആഫീസറായ ശ്രീമതി. എ.കെ. മുംതാസ് ബീഗത്തിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസിലേക്ക് ഉടൻ പ്രാബല്യത്തിൽ സ്ഥലംമാറ്റം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്ത വിവരവും പുതിയ ലാവണത്തിൽ പ്രവേശിച്ച വിവരവും ബന്ധപ്പെട്ട ആഫീസ് മേലധികാരികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**കെ.വി. മോഹൻകുമാർ ഐ.എ.എസ്.**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ് :

1. ശ്രീ. ബി. ഹരിപ്രസാദ്, ജൂനിയർ സൂപ്രണ്ട്
2. ശ്രീമതി. മുംതാസ് ബീഗം, നൂൺമീൽ ആഫീസർ

} വെബ്സൈറ്റ് മുഖേന

പകർപ്പ് :

1. വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
2. ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം
3. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, കുണ്ടറ, കൊല്ലം
4. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ

// അംഗീകാരത്തോടെ //

**സൂപ്രണ്ട്**